**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 422** **29.06.2015-ൽ മറുപടിയ്ക്ക്**

# പേരാമ്പ്ര 33 കെ. വി. സബ്സ്റ്റേഷൻ.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) പേരാമ്പ്രയിൽ 33 കെ.വി സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനു വേണ്ടി രജിസ്ട്രേഷൻ വകുപ്പിന്റെ ഭൂമി ഏറ്റെടുത്തത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ ; | (എ) ഭൂമി എറ്റെടുക്കുന്നതിന് 25-03-2011-ൽ പാട്ടക്കരാർ ഒപ്പ് വച്ചുവെങ്കിലും 30-12-2012-നാണ് സ്ഥലം കൈവശത്തിൽ ലഭിച്ചത്. |
| (ബി) സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നും എത്ര രൂപ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ; | (ബി) സബ് സ്റ്റേഷനായി എറ്റെടുത്ത ഭൂമി നിരപ്പാക്കി, സംരക്ഷണ ഭിത്തി കെട്ടി, ചുറ്റമതിൽ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ഈ സബ് സ്റ്റേഷനിലേയ്ക്കുള്ള 33 കെ.വി. ലൈനിന്റെ നിർമ്മാണം 80% പൂർത്തിയായിട്ടുണ്ട്. സബ്സ്റ്റേഷന്റെയും ലൈനിന്റെയും നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ 289.84 ലക്ഷം രൂപ ചെലവായിട്ടുണ്ട്. |
| (സി) പ്രസ്തുത സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നീണ്ടുപോകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ; | (സി) ലൈൻനിർമ്മാണത്തിനെതിരായുണ്ടായിരുന്ന പ്രാദേശിക എതിർപ്പുകൾ, ലൈൻ നിർമ്മാണവും മരം മുറിക്കലുമായി ബന്ധപ്പെട്ട് പൊതുമരാമത്ത്, ജല വിഭവ വകുപ്പുകളുടെ അനുമതി ലഭിക്കുന്നതിൽ വന്ന കാലതാമസം മുതലായവയാണ് ലൈൻ നിർമ്മാണം വൈകുവാനുണ്ടായ കാരണങ്ങൾ. ഇതിൽ ജലവിഭവ വകുപ്പിന്റെ അനുമതി ഇനിയും ലഭ്യമായിട്ടില്ല. കൂടാതെ സബ് സ്റ്റേഷന്റെ കൺട്രോൾ നിർമ്മാണത്തിനായി ലഭിച്ച ടെണ്ടറുകളിൽ തുക കൂടുതലായതിനാൽ വീണ്ടും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) സബ്സ്റ്റേഷൻ പണി എപ്പോൾ പൂർത്തിയാക്കും എന്ന് വ്യക്തമാക്കുമോ ? | (ഡി) 2015 ഡിസംബർ മാസത്തോടുകൂടി സബ് സ്റ്റേഷന്റെയും ലൈനിന്റെയും നിർമ്മാണം പൂർത്തിയാക്കുവാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ.**